**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം -സാങ്കേതിക.-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്- മഞ്ചേരി സർക്കാർ പോളി ടെക്നിക് കോളേജിലെ നിലവിലെ ടോയിലറ്റ് ബ്ളോക്കിനു സൌകര്യകുറവ് ഉള്ളതിനാൽ 4 എണ്ണം ടോയിലറ്റ് നിർമിക്കുന്നതിനായി ഭരണാനുമതി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പർച്ചേസ് (എ) വിഭാഗം

നം: D4/19728/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 29.06.2023

---

വായന:- 1.18/05/2023 ലെ മഞ്ചേരി സർക്കാർ പോളി ടെക്നിക് കോളേജിലെ പ്രിൻസിപ്പലിന്റെ കത്ത് നം. ഡി 2/487/2022.

2.മഞ്ചേരി പൊതുമരാമത്ത് വകുപ്പ് കെട്ടിട ഉപ വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് നം. PWD/BLDG/EST/9050/2023 5 1 1.

**<u>ഉത്തരവ്</u>**

മഞ്ചേരി സർക്കാർ പോളി ടെക്നിക് കോളേജിലെ ടോയിലറ്റ് ബ്ളോക്ക് സൌകര്യമില്ലാത്തതിനാൽ 4 എണ്ണം ടോയിലറ്റ് നിർമിക്കുന്നതിനായി **8,00,000/- (എട്ട് ലക്ഷം രൂപ)** രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കായി വായന(1) പ്രകാരം സ്ഥാപനമേധാവി സമർപ്പിച്ചിരിക്കുന്നു.

വായന (2) പ്രകാരം സ്ഥാപനത്തിലെ ടോയിലറ്റ് ബ്ളോക്ക് നിർമിക്കുന്നതിനായി മഞ്ചേരി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ **8,00,000/-** രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ മഞ്ചേരി സർക്കാർ പോളി ടെക്നിക് കോളേജിലെ ടോയിലറ്റ് ബ്ളോക്ക് സൌകര്യമില്ലാത്തതിനാൽ 4 എണ്ണം ടോയിലറ്റ് നിർമിക്കുന്നതിനായി **8,00,000/- (എട്ട് ലക്ഷം രൂപ)** രൂപയുടെയുള്ള ഭരണാനുമതി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

സർക്കാർ ചട്ടങ്ങൾ പാലിച്ചുകൊണ്ട് ഡിപ്പോസിറ്റ് വർക്ക് ആയി പ്രവർത്തനങ്ങൾ ചെയ്യേണ്ടതാകുന്നു. പ്രസ്തുത പ്രവർത്തി പൂർത്തിയാകുന്ന മുറക്ക് കംപ്ളീഷൻ സർട്ടിഫിക്കറ്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്.

പ്രസ്തുത ചെലവിന് ആവശ്യമായ തുക **"2203-00-105-79-17 MW PLAN"** ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

**<u>നിബന്ധനകൾ</u>**

1.ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി നിർമാണം പൂർത്തിയാക്കേണ്ടതാണ്.

2.ഫീൽഡ് സ്ഥാപനവും നിർവഹകണ ഏജൻസിയും സംയുകതമായി മൂന്ന് മാസത്തിൽ ഒരിക്കൽ, പ്രസ്തുത പ്രവർത്തി പൂർത്തിയാകുന്നത് വരെ അവലോകനം നടത്തേണ്ടതാണ്.

3.പ്രവർത്തി പൂർത്തിയാക്കിയതിന് ശേഷം വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

Draft #1 of File D4/19728/23/DTE Approved by Director (in-charge) on 29-Jun-2023 06:42 AM - Page 1

1.പ്രിൻസിപ്പാൾ, സർക്കാർ പോളി ടെക്നിക് കോളേജ്, മഞ്ചേരി

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, മഞ്ചേരി
.

3. അക്കൌണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം

4.സൂപ്രണ്ട്, ഫിൻ (എ) സെക്ഷൻ

5.ഓഫീസ് പകർപ്പ്.

## Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 29.06.2023
Reason: Approved

Draft #1 of File D4/19728/23/DTE Approved by Director (in-charge) on 29-Jun-2023 06:42 AM - Page 2

The document is digitally approved. Hence signature is not needed.